20.6.2008
പെൻസിൽവാനിയ
അമേരിക്ക

# ആർക്കും ശ്രേഷ്ഠതയില്ല; ഭക്തിയിലല്ലാതെ

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അമേരിക്കയുടെ ജൽസാസാലാന എന്റെ ഈ ഖുത്വ്ബയോടു കൂടി ആരംഭിക്കുകയാണ്. ഞാനിവിടെ വരണമെന്നും നേരിട്ട് ജൽസയിൽ പങ്കെടുക്കണമെന്നും കുറച്ചുകാലമായി എന്റെയും നിങ്ങളുടെയും ആഗ്രഹമായിരുന്നു. ലോകത്തെ ഓരോ രാജ്യത്തും നാം സംഘടിപ്പിക്കുന്ന ഈ ജൽസസാലാന, ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടങ്ങിയതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) യുടെ പ്രാർത്ഥന വഹിച്ചുകൊണ്ടുള്ളതാണ് ഈ ജൽസ. മസീഹ് മൗഊദ്(അ) ഖാദിയാൻ എന്ന സ്ഥലത്ത് ആദ്യമായി ജൽസ സംഘടിപ്പിച്ചപ്പോൾ അതിൽ 75 പേരാണ് പങ്കെടുത്തിരുന്നത്. മുഹമ്മദീ മസീഹ് മുഖേന ശിക്ഷണം ലഭിച്ച അക്കാലത്തുള്ളവർക്ക് അല്ലാഹുവുമായി ഒരു പ്രത്യേകബന്ധം ഉണ്ടായിക്കഴിഞ്ഞിരുന്നു. ഈമാനിലും യഖീനിലും വളർന്നവരായിരുന്നു അവർ. അവരുടെ ഈമാന്റെ പ്രകാശവും യഖീന്റെ വെളിച്ചവും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുത്തു. അഹ്മദിയ്യത്തിനുവേണ്ടിയുള്ള അവരുടെ പരിശ്രമങ്ങൾക്കും ത്യാഗങ്ങൾക്കും അല്ലാഹു നിരവധി ഫലങ്ങൾ നല്കുമാറാകട്ടെ. അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുമാറാകട്ടെ. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്നേഹിക്കുന്നവരായിരുന്നു. ആദ്യത്തെ ജൽസ, ആ പ്രേമികൾ തങ്ങളുടെ പ്രേമഭാജനത്തിന്റെ ചുറ്റുംകൂടി ഒരു പള്ളിയിലാണ് സംഘടിപ്പിച്ചിരുന്നത്. മുഹമ്മദീ മസീഹ് കാരണത്താൽ, അവർക്ക് നല്കപ്പെട്ട ഉൾക്കാഴ്ചയുടെ പ്രകാശം മുഖേന ഈ ജൽസ പള്ളികൾക്ക് പുറത്ത് മൈതാനത്ത് സംഘടിപ്പിക്കപ്പെടുന്ന ഒരു കാലം വരുമെന്ന് തീർച്ചയായും അവർ കരുതിയിട്ടുണ്ടാകും. നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമി ജന്മം കൊണ്ട ഈ ചെറിയ സ്ഥലത്ത് മാത്രം ഒതുങ്ങിനില്ക്കാതെ ഈ ജൽസ ലോകത്തിലെ മിക്ക രാജ്യങ്ങളിലും വ്യാപിക്കുന്നതാണെന്നും അവർ മനസ്സിലാക്കിയിട്ടുണ്ടാകും. മുഹമ്മദീ മസീഹിന്റെ ഈ ആളുകൾക്ക് ചെറിയ ചെറിയ സ്ഥലം മതിയാകാതെ ഏക്കറുകണക്കിന് വിസ്താരമുള്ള സ്ഥലം ആവശ്യമായി വരുമെന്നും അവർ മനസ്സിലാക്കിയിട്ടുണ്ടാകും. അത് ഇന്ന് നമ്മൾ കാണുന്നു. ചില ജമാഅത്തുകൾ തങ്ങളുടെ ജൽസ നടത്തുന്നതിനായി നൂറുക്കണക്കിന് ഏക്കർ സ്ഥലം വാങ്ങിക്കഴിഞ്ഞു. അമേരിക്കൻ ജമാഅത്തും ഇതിൽപെടുന്നുണ്ട്. അവർ 22 ഏക്കർ സ്ഥലം വാങ്ങി. അവിടെ പള്ളി നിർമ്മിച്ചു. നിങ്ങൾ വളരെ വേഗമാണ് മനോഹരമായ പള്ളി നിർമ്മിച്ചത്. കുറച്ചുകാലം അവിടെ ജൽസകളും സംഘടിപ്പിച്ചിരുന്നു. പക്ഷേ, സൗകര്യക്കുറവു കാരണം ഇപ്പോൾ വാടകസ്ഥലത്ത് ജൽസ നടത്തേണ്ടിവന്നിരിക്കുകയാണ്. നമ്മൾ സംഘടിപ്പിച്ചിരിക്കുന്ന ഈ സ്ഥലവും വാടകക്കെടുത്തതാണ്. ഇന്ന് നിങ്ങളും ഇത് മനസ്സിലാക്കിക്കൊണ്ട് വലിയ സ്ഥലം വാങ്ങാൻ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്; സ്വന്തം സ്ഥലത്ത് സമ്മേളനം നടത്താൻ വേണ്ടി. ഈ എല്ലാ കാര്യങ്ങളും ചിന്തിക്കുന്ന ഒരാളിൽ, തീർച്ചയായും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്ത വാഗ്ദാനം സത്യമായിരുന്നുവെന്ന് ഉറപ്പുണ്ടാക്കുന്നതാണ്.

ഈ അമേരിക്കയിലേക്ക് ആദ്യം മുബല്ലിഗ് അയക്കപ്പെട്ടപ്പോൾ അദ്ദേഹത്തെ കരുതൽ തടങ്കലിൽവെച്ചു. പ്രബോധനത്തിനുള്ള അനുവാദം നല്കപ്പെട്ടില്ല. പക്ഷേ, അല്ലാഹുവിന്റെ വിധിയ്ക്ക് മുമ്പിൽ ഒന്നിനും തടസ്സം സൃഷ്ടിക്കാൻ കഴിയുകയില്ല. അല്ലാഹു തടസ്സങ്ങളെല്ലാം അകറ്റി. ഇന്ന് നിങ്ങളും ഞാൻ ആദ്യം പറഞ്ഞതുപോലെ ജൽസാഗാഹിനുവേണ്ടി സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുന്നു. അതിനായി നൂറ് ഏക്കർ ഇരുന്നൂറ് ഏക്കർ സ്ഥലങ്ങളാണ് അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജൽസയുടെ ഉദ്ദേശ്യം വൻസ്ഥലങ്ങൾ വാങ്ങുക, പ്രതിനിധികളുടെ എണ്ണം വർദ്ധിപ്പിക്കുക, തന്നെ വിശ്വസിക്കുന്നവരുടെ സംഖ്യ പരസ്യപ്പെടുത്തുക എന്നതല്ലായിരുന്നുവെന്ന കാര്യം എല്ലാവരും ഓർത്തിരിക്കേണ്ടതാണ്.

മറിച്ച് തഖ്‌വയിൽ അഭിവൃദ്ധിപ്പെടുന്നവരുടെയും അല്ലാഹുവിനെ ആരാധിച്ചുകഴിയുന്നവരുടെയും ജമാഅത്ത് സൃഷ്ടിക്കുക എന്നതായിരുന്നു ആ മഹാത്മാവിന്റെ ലക്ഷ്യം. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നവരുടെ ഒരു സൈന്യത്തെ സൃഷ്ടിക്കുകയായിരുന്നു; ഭൗതിക ആയുധങ്ങൾകൊണ്ട് അലംകൃതരായ സൈന്യമല്ല. പ്രത്യുത അവരുടെ നെറ്റിയിലൂടെ അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ അടയാളം പ്രകടമാകണമായിരുന്നു. അവരുടെ ഹൃദയം അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള സ്നേഹത്താൽ നിറഞ്ഞതായിരിക്കണം. അവരുടെ രാത്രികൾ തഖ്‌വകൊണ്ടും അവരുടെ പകലുകൾ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടും കഴിയു

ന്നതായിരിക്കണം.

ഓർമ്മിച്ചുകൊള്ളുക. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ ചേർന്നുകൊണ്ട്, കർമ്മങ്ങളൊന്നും കൂടാതെ സൗഖ്യത്തിന്റെ കോട്ടയിൽ നാം കടന്നിട്ടില്ല. അതുകൊണ്ട് നമുക്ക് നമ്മുടെ ഉത്തരവാദിത്തവും മനസ്സിലാക്കാൻ പരിശ്രമിക്കേണ്ടി വരും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തിൽനിന്ന് അകന്നു പോയിക്കൊണ്ടിരിക്കുന്നതനുസരിച്ച് ആദ്യത്തേക്കാൾ കൂടുതൽ ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഓരോ പിതാവും മാതാവും തങ്ങളുടെ മക്കളെ സംരക്ഷിക്കുന്നതിനായി തങ്ങളുടെ കർമ്മങ്ങൾ നന്നാക്കിത്തീർക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഈ പാശ്ചാത്യ ചുറ്റുപാടിൽ പ്രത്യേകമായ നിലയിൽ, ഇന്നത്തെ ഭൗതിക ചുറ്റുപാടിൽ പൊതുവെ ലോകത്തെല്ലായിടത്തും തങ്ങളുടെ മക്കളെ അല്ലാഹുവിന്റെ അടുക്കൽ കൊണ്ടുവരുന്നതിനുള്ള കടമ നിറവേറ്റുന്നവരായി നാം മാറുന്നില്ലെങ്കിൽ, നമ്മൾ നമ്മളെത്തന്നെയും നമ്മുടെ മക്കളെയും സൗഖ്യത്തിന്റെ കോട്ടയിൽനിന്ന് പുറത്താക്കുകയായിരിക്കും ചെയ്യുന്നത്. നമ്മുടെ വായ അല്ലാഹു അല്ലാഹു എന്നു പറയുന്നുണ്ടാകും. എന്നാൽ, നമ്മുടെ കർമ്മം അതിനെ നിഷേധിക്കുകയായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് ജൽസയുടെ ഉദ്ദേശ്യം വിവരിച്ചുകൊണ്ട് പറയുന്നു:

"ഈ ജൽസ (സമ്മേളനം) കൊണ്ടുള്ള അടിസ്ഥാനപരമായ ഉദ്ദേശ്യം നമ്മുടെ ജമാഅത്തിലുള്ള ആളുകൾ ആവർത്തിച്ചാവർത്തിച്ചുള്ള കൂടിക്കാഴ്ചയിലൂടെ, തങ്ങളുടെ ഉള്ളിൽ ഒരു പരിവർത്തനം ഉണ്ടാക്കുക എന്നതാണ്. അങ്ങനെ അവരുടെ ഹൃദയം പരലോകത്തിലേക്ക് പൂർണ്ണമായും കുനിയുമാറാകണം. അവരുടെ ഉള്ളിൽ ദൈവഭയമുണ്ടാകണം. അവർ സ്വാത്മപരിത്യാഗത്തിലും ഭക്തിയിലും ദൈവഭയത്തിലും പഥ്യാചരണത്തിലും ദയാവായ്പിലും പരസ്പര സ്നേഹത്തിലും സാഹോദര്യത്തിലും മറ്റുള്ളവർക്ക് ഒരു മാതൃകയായിത്തീരണം. എളിമയും വിനീതത്വവും വിശ്വസ്തതയും അവരിൽ ഉണ്ടാകണം. ദീനീപരമായ കർമ്മ പരിപാടികൾ പ്രാവർത്തികമാക്കാനുള്ള സന്നദ്ധത സ്വായത്തമാക്കണം." ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ സൃഷ്ടിക്കാനാഗ്രഹിക്കുന്ന സ്വഭാവങ്ങളുടെ നിലവാരമാണിത്. ഈ ഉദ്ധരണി നമ്മളിൽ പലരും ധാരാളം പ്രാവശ്യം കേട്ടിട്ടുണ്ടാകും. പക്ഷേ, ഭൗതികചുറ്റുപാട് നമ്മെ വീണ്ടും ഇതിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നു. നമ്മുടെ ജീവിതോദ്ദേശ്യമെന്താണെന്ന് നാം മറന്നുപോകുന്നു. എന്തായാലും മറന്നുപോകുക എന്നത് മനുഷ്യന്റെ പ്രകൃതിയാണ്. ബലഹീനതകളും ഉണ്ടാകുന്നു. ശയ്ത്വാൻ, അല്ലാഹുവിന്റെ ദാസരെ ശരിയായ വഴിയിൽനിന്ന് തെറ്റിക്കുമെന്ന് കണിശമായ നിലയിൽ വിളംബരവും ചെയ്തിട്ടുണ്ട്. അതിനാലാണ് ഉപദേശിച്ചുകൊണ്ടേപോകുക എന്ന് നബിയോട് അല്ലാഹു കല്പിച്ചത്; സത്യവിശ്വാസികൾ ഉപദേശം പ്രയോജനപ്പെടുത്തുന്നു; ബലഹീനതകൾ അകറ്റുന്നതിനും ശയ്ത്വാനിൽനിന്ന് രക്ഷപ്പെടുന്നതിനും പുതിയ പുതിയ മാർഗ്ഗങ്ങൾ അവർക്ക് കിട്ടുന്നതിനു വേണ്ടിയാണിത്. ഈ ജോലി തുടരുന്നതിനു വേണ്ടിയാണ് ഇക്കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചത്. ഈ ജോലി തന്നെയാണ് ഖിലാഫത്തിന്റേതും. ഈ ഉപദേശം മുഖേന അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവർ ഉണ്ടായിക്കൊണ്ടേയിരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഞാൻ വായിച്ച ഉദ്ധരണിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്ന കാര്യങ്ങൾ ഒരു അഹ്മദി മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ ഈ ലോകം സ്വർഗ്ഗത്തിന് തുല്യമായിത്തീരുന്നതാണ്. പിന്നീട് നമ്മളും നമ്മുടെ മക്കളും തങ്ങളുടെ ജന്മോദ്ദേശ്യത്തെ മനസ്സിലാക്കുന്നവരായിത്തീരും. ഒന്നാമതായി ആ മഹാത്മാവ് പറഞ്ഞ കാര്യങ്ങളുടെ ചുരുക്കം തഖ്വയാണ്. എന്താണ് തഖ്വ? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നഫ്സെ അമ്മാറയുടെ പാത്രത്തെ- ദോഷപ്രവണമായ ആത്മാവിന്റെ പാത്രത്തെ കഴുകിയെടുക്കുന്നതിന്റെ പേരാണ് തഖ്വ. അതിൽ പതിക്കുന്ന ഭക്ഷണമാണ് നന്മ. അവയവങ്ങൾക്ക് കരുത്തേകി സൽക്കർമ്മം ചെയ്യുന്നതിന് മനുഷ്യനെ യോഗ്യനാക്കിത്തീർക്കുക. അവൻ ദൈവസാമീപ്യത്തിന്റെ ഉന്നതമായ നിലകൾ കരസ്ഥമാക്കുന്നവനായിത്തീരുന്നതിനാണിത്." ഒന്നാമതായി ആ മഹാത്മാവ് പറഞ്ഞകാര്യം, തഖ്വയും അല്ലാഹുവിനോട് ഭയവും അവനിൽ വിശ്വാസവുമുണ്ടെങ്കിൽ തന്റെ ഹൃദയം പരിശുദ്ധമാക്കിവയ്ക്കണമെന്നും അല്ലാഹുവിനെ ആരാധിക്കണം എന്നുമുള്ള ചിന്ത മനുഷ്യനിലുണ്ടാകും എന്നാണ്. അല്ലാഹു വിശുദ്ധഖുർആനിൽ ഈ വിഷയം ഇങ്ങനെ വിവരിച്ചിരിക്കുന്നു.

***വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ*** നമ്മെ കണ്ടുമുട്ടുന്നതിനായി പരിശ്രമിക്കുന്നവർക്ക് നാം തീർച്ചയായും നമ്മുടെ വഴിയിലേക്കു വരാൻ തൗഫീഖ് നല്കുന്നതാണ്. അതിനാൽ, തഖ്വ ഉണ്ടാക്കുന്നതിന്, ഹൃദയത്തിന്റെ പാത്രം ശുദ്ധിയാക്കുന്നതിന് ആദ്യം അധ്വാനിക്കേണ്ടതുണ്ട്. മനുഷ്യൻ അല്ലാഹുവിനോടുള്ള സ്നേഹവും, അവനോടുള്ള ഭയവും മനസ്സിൽ വെച്ചുകൊണ്ട് അവനിലേക്ക് അടുക്കാൻ ശ്രമിക്കുമ്പോൾ, അല്ലാഹു ആ പാത്രം ഏറ്റവും കൂടുതൽ തിളക്കമാർന്നതാക്കിത്തീർക്കാനുള്ള രീതിയും കാണിച്ചുതരും.

ഇക്കാലത്ത് പാത്രങ്ങൾ വൃത്തിയാക്കുന്നതിന് ലോകത്ത്, പ്രത്യേകിച്ച് പാശ്ചാത്യരാജ്യങ്ങളിൽ വിവിധ രീതിയിലുള്ള സോപ്പുകളും രാസവസ്തുക്കളും ഉപയോഗിച്ചുവരുന്നു. പാത്രം തിളങ്ങുന്നതിനായിട്ടാണ് നാം അത് ഉപയോഗിക്കുന്നത്. എല്ലാതരം അഴുക്കും അതിൽനിന്ന് അകലണം. ഒരു വഴുവഴുപ്പും അവശേഷിക്കാൻ പാടി

ല്ല. അണുക്കളും നശിച്ചുപോകണം. എന്നല്ല, പാത്രത്തിൽ മണമുണ്ടാക്കുന്ന ചില ഭക്ഷണപദാർത്ഥങ്ങളുണ്ട്. അതകറ്റുന്നതിനും പ്രത്യേകം പരിശ്രമിക്കുന്നു. ചില വീട്ടമ്മമാർ, മുട്ട ഉപയോഗിച്ച പാത്രം അല്ലെങ്കിൽ മീൻ പാത്രം വേറെ വെച്ചിട്ടാണ് കഴുകുന്നത്. അതിന്റെ ഗന്ധം അകറ്റാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. എല്ലാ പാത്രവും ഒരുമിച്ചിട്ടു കഴുകിയാൽ മറ്റു പാത്രങ്ങളിലും അതിന്റെ മണമുണ്ടാകാതിരിക്കാനാണിത്. ഭൗതിക പാത്രത്തിന്റെ വൃത്തിക്കായി നമുക്ക് ഇത്രയും ചിന്തയുണ്ടാകുന്നു. വിവിധതരം സോപ്പുകൾ അന്വേഷിച്ചുനടക്കുന്നു. ഈ പാത്രമാണെങ്കിൽ മനുഷ്യന്റെ മുമ്പിൽതന്നെ ഒന്നിനും കൊള്ളാത്തവിധം ഉടഞ്ഞുപോകുന്നതാണ്, ഇനി അഥവാ ഉടഞ്ഞില്ലെങ്കിൽത്തന്നെ മനുഷ്യനോടൊപ്പം ഇത് പോകുകയില്ല. എന്നാൽ, മനുഷ്യന്റെ ഹൃദയത്തിന്റെ പാത്രം, അതിന്റെ കണക്കെടുക്കുമെന്ന് അല്ലാഹു കല്പിച്ചിട്ടുമുണ്ട്. അതിൽ നിക്ഷേപിച്ചിട്ടുള്ള നന്മകളും അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടും നിറവേറ്റിയ കടമകളുമെല്ലാം അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കേണ്ടതാണ്, മരിച്ചതിനുശേഷവും നമുക്കത് പ്രയോജനപ്പെടേണ്ടതാണ്. ഇതുമാത്രമല്ല ഈ പാത്രത്തിൽ വെച്ചിട്ടുള്ള നന്മകൾ നമ്മുടെ മക്കൾക്കും പ്രയോജനപ്പെടേണ്ടതുണ്ട്. നമ്മുടെ പാത്രം ശുദ്ധവും നന്മകൾ കൊണ്ടുനിറഞ്ഞതുമാണെങ്കിൽ നല്ല പ്രകൃതിക്കാരായ മക്കളും ഈ പാത്രത്തെ ശുദ്ധീകരിക്കാൻ ശ്രമിക്കും. അല്ലാഹുവിന്റെ തൃപ്തിയുടെ പ്രാപ്തിക്കായി അവർ പ്രവർത്തിക്കുന്നതാണ്. തഖ്‌വകൊണ്ട് വൃത്തിയാക്കിയ പാത്രത്തിൽ വെച്ചിട്ടുള്ള ആഹാരം ഒരിക്കലും മോശമാകുന്നതല്ല. അത് രോഗമുണ്ടാക്കുന്ന ആഹാരവുമല്ല. മറിച്ച്, അതുമുഖേന ശരീരത്തിന് ശക്തി ലഭിക്കുന്നതാണ്. എന്നെന്നും നിലനില്ക്കുന്ന ശക്തിയായിരിക്കും അത്. അതുമുഖേന കൂടുതൽ നന്മകൾ ഉണ്ടാകുന്നു. രുചികരമായ കൂടുതൽ ഭക്ഷണങ്ങൾ അതിൽ പതിച്ചുകൊണ്ടിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ കവാടങ്ങൾ അധികമായി തുറന്നുകൊണ്ടിരിക്കും. മനുഷ്യൻ ദോഷപ്രവണമായ ആത്മാവിന്റെ താഴ്‌വരയിൽ വഴിതെറ്റി ചുറ്റിക്കറങ്ങുന്നതിനുപകരം അല്ലാഹുവിന്റെ അഭയത്തിന്റെ സുരക്ഷിതമായ കോട്ടയ്ക്കുള്ളിൽ വന്നുകയറുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തഖ്‌വയുടെ വിഷയത്തെ പറ്റി ഒരിടത്ത് ഇങ്ങനെയും വിവരിച്ചിരിക്കുന്നു: "വിശുദ്ധഖുർആനിൽ സകല കല്പനകളേയും അപേക്ഷിച്ച് തഖ്‌വയേയും പഥ്യാചരണത്തേയും കുറിച്ച് താക്കീത് ചെയ്ത് പറഞ്ഞിട്ടുണ്ട്. തഖ്‌വ എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെടുന്നതിന് ശക്തി പകരുന്നു എന്നതാണ് ഇതിന് കാരണം. എല്ലാ നന്മയിലേക്കും ഓടിയടുക്കുന്നതിനുള്ള ചാലകശക്തിയാണത്. അത് ഇത്രയുമധികം താക്കീത് ചെയ്ത് പറയാനുള്ള രഹസ്യം തഖ്‌വ ഓരോ കവാടത്തിലും മനുഷ്യന് സമാധാനത്തിന്റെ ഉറുക്കാകുന്നു എന്നതാണ്. എല്ലാ ഫിത്നകളിൽനിന്നും സുരക്ഷിതനായിരിക്കുന്നതിനുള്ള ശക്തമായ കോട്ടയാണ്. മുത്തഖിയായ ഒരു മനുഷ്യന്, മറ്റുള്ളവർ അകപ്പെട്ട് കഴിയുകയും അവസാനം നാശംവരെ എത്തിച്ചേരുകയും ചെയ്യുന്ന ഒരുപാട് നിരർത്ഥകവും ഭയാനകവുമായ ലഹളകളിൽനിന്നും തങ്ങളുടെ എടുത്തുചാട്ടവും തെറ്റുധാരണയും കൊണ്ട് ജനതകളിൽ ഛിദ്രതയുണ്ടാക്കുകയും എതിരാളികൾക്ക് ആക്ഷേപത്തിനുള്ള അവസരമൊരുക്കിക്കൊടുക്കുകയും ചെയ്യുന്നവരിൽനിന്നും രക്ഷപ്പെടാൻ സാധിക്കുന്നതണ്. അതുകൊണ്ട് നമ്മളിൽ ഓരോരുത്തരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വേദന മനസ്സിലാക്കേണ്ടതാണ്. സുന്ദരമായ വാക്കുകളിൽ തഖ്‌വയെക്കുറിച്ച് നിർവചിച്ച് തന്നതുകേട്ടാൽ മാത്രം പോരാ, അത് വെച്ചുകൊണ്ട് നമ്മുടെ ഹൃദയം കൈയിലെടുത്ത് പരിശോധിക്കുകയും വേണം. ആ മഹാത്മാവ് അടയാളപ്പെടുത്തിത്തന്ന ആ നാശങ്ങളിൽ നിന്ന് രക്ഷപ്പെടേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ സംപ്രീതി കരസ്ഥമാക്കാൻ അവൻ നമ്മോട് പറഞ്ഞ ജിഹാദ് ചെയ്യേണ്ട ആവശ്യമുണ്ട്. അവൻ പറഞ്ഞു: "നിങ്ങൾ എന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് വേണ്ടി ശ്രമിക്കുകയാണെങ്കിൽ തീർച്ചയായും ഞാൻ നിങ്ങളെ എന്റെ അഭയത്തിൽ എടുക്കുന്നതാണ്. എന്നിട്ട് ഇഹലോകത്തും പരലോകത്തും സുരക്ഷിതവും ശക്തവുമായ അഭയകേന്ദ്രങ്ങൾ നിർമ്മിക്കാനുള്ള വഴികളിലേക്ക് ഞാൻ നിങ്ങളെ നയിക്കുന്നതാണ്. അതിലൂടെ നടന്നുകൊണ്ട് നിങ്ങൾ അത് നിർമ്മിക്കുകയും ചെയ്യും." അതിനാൽ, നമ്മൾ എത്രമാത്രം ഭാഗ്യവാന്മാരാണ്. ഇതിന് നാം നമ്മുടെ അല്ലാഹുവിന് എത്രമാത്രം നന്ദിയുള്ളവരായിരിക്കേണ്ടതാണ്. 'എന്റെ വഴികളിലേക്ക് വരാൻ ശ്രമിക്കുക' എന്നു മാത്രമല്ല അവൻ പറഞ്ഞത്. ഇക്കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമി മുഖേന ആ വഴികൾ വൃത്തിയാക്കി, അന്ധകാരങ്ങളിൽ വെളിച്ചം നല്കി മാർഗ്ഗദർശനവും നല്കി. ഈ വഴികളാണ് നിങ്ങളെ അല്ലാഹുവിലേക്ക് കൊണ്ടുപോകുന്നതെന്ന് പറഞ്ഞു. ഇടയിലിരിക്കുന്ന ശയ്ത്വാനിൽ നിന്ന് എങ്ങനെ രക്ഷപ്പെടണമെന്നും അറിയിച്ചു. ആ മഹാത്മാവ് പറഞ്ഞ ഒരു ഉദ്ധരണി ഞാൻ കേൾപ്പിക്കുകയുണ്ടായി: "തഖ്‌വയിൽ ചുറുചുറുക്ക് കാണിക്കുക" തഖ്‌വയിൽ എങ്ങനെയാണ് ചുറുചുറുക്ക് കാണിക്കേണ്ടത്? ആ നന്മയുടെ വഴികളെ എങ്ങനെയാണ് സ്വീകരിക്കേണ്ടത്? ദോഷപ്രവണമായ ആത്മാവിന്റെ പാത്രത്തെ വൃത്തിയാക്കുന്നതിന് ഏതു രീതിയാണ് അവലംബമാക്കേണ്ടത്? മൃദുലമാനസനായിത്തീരുക. മനസ്സിന്റെ മൃദുവായ അവസ്ഥ എങ്ങനെ സ്വായത്തമാക്കണം? അതിന്റെ ഏതു നിലയാണ് കരസ്ഥമാക്കേണ്ടത്? ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾതന്നെ ഞാൻ സമർപ്പിക്കുകയാണ്. ആ മഹാത്മാവ് പറയുന്നു:

" എന്റെ ഏതെങ്കിലും ദീനീസഹോദരൻ തന്റെ ശരീരേച്ഛകൾക്ക് വഴങ്ങി എന്നോട് കയർത്തു സംസാരിച്ചാൽ, ഞാനും അറിഞ്ഞുകൊണ്ട് അയാളോട് കഠിനമായി പെരുമാറിയാൽ എന്റെ സ്ഥിതി അഹോ കഷ്ടം! ഞാൻ അങ്ങനെ ചെയ്യാതെ അയാളുടെ വാക്കുകൾ കേട്ട് ക്ഷമിക്കേണ്ടതാണ്. എന്റെ നമസ്കാരത്തിൽ അയാൾക്കുവേണ്ടി കരഞ്ഞുകരഞ്ഞു പ്രാർത്ഥിക്കേണ്ടതാണ്. കാരണം അയാൾ എന്റെ സഹോദരനാണ്. ആത്മീയമായ നിലയിൽ രോഗിയാണ്. എന്റെ സഹോദരൻ ശുദ്ധനും അറിവ് കുറഞ്ഞവനുമാണെങ്കിൽ ശുദ്ധനായതുകൊണ്ട് എന്തെങ്കിലും തെറ്റ് അയാളിൽനിന്നുണ്ടായിട്ടുണ്ടെങ്കിൽ ഞാൻ അയാളെ പരിഹസിക്കാനോ നെറ്റി ചുളിച്ചുകൊണ്ട് അയാളോട് ദ്വേഷം കാണിക്കാനോ അല്ലെങ്കിൽ ദുരുദ്ദേശ്യത്തോടെ അയാളുടെ കുറ്റങ്ങൾ പരസ്യപ്പെടുത്താനോ പാടുള്ളതല്ല. ഇതെല്ലാം നാശത്തിന്റെ വഴികളാണ്. മനസ്സ് മൃദുലമാകാത്തിടത്തോളം, എല്ലാവരേക്കാളും സ്വയം നിന്ദ്യനായി മനസ്സിലാക്കാത്തിടത്തോളം അഹങ്കാരങ്ങളെല്ലാം അകലാത്തിടത്തോളം ആരും സത്യവിശ്വാസിയാവുകയില്ല. ജനതയുടെ സേവകൻ ആവുക എന്നത് സേവ്യൻ ആകുന്നതിന്റെ ലക്ഷണമാണ്. സാധുജനങ്ങളോട് മൃദുഗുണത്തോടും നമ്രശിരസ്സോടും കൂടി സംസാരിക്കുക എന്നത് ദൈവികസവിധത്തിൽ സ്വീകരിക്കപ്പെടുന്നുവെന്നതിന്റെ അടയാളമാണ്. തിന്മയ്ക്ക് നന്മകൊണ്ട് മറുപടികൊടുക്കുക എന്നത് സൗഭാഗ്യത്തിന്റെ സവിശേഷതയാണ്. ദ്വേഷത്തെ കടിച്ചുതിന്നുകയും കയ്പ്പുള്ള കാര്യങ്ങളെ കുടിച്ചിറക്കുകയും ചെയ്യുന്നത് അങ്ങേയറ്റത്തെ പുരുഷത്വമാണ്."

ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മളിൽനിന്ന് ആഗ്രഹിക്കുന്നത്. പറഞ്ഞു, മൃദുലമാനസരായിത്തീരുക. മൃദുലമായ മനസ്സുണ്ടാകുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ എല്ലാസവിശേഷ സ്വഭാവങ്ങളും ഉണ്ടാകുന്നതാണ്. ഒരു സത്യവിശ്വാസിയിൽ ഉണ്ടായിരിക്കേണ്ട അവശ്യമായ ഉത്കൃഷ്ട സ്വഭാവത്തെകുറിച്ചാണ് പറഞ്ഞുതന്നത്. തങ്ങളുടെ ചില തൻപ്രമാണിത്തത്തേയും സ്വാർത്ഥതയേയും വധിക്കുകയും തിന്മയ്ക്ക് നന്മകൊണ്ട് മറുപടികൊടുക്കുകയും ദ്വേഷം അമർത്തുകയും നമസ്കാരങ്ങളിൽ പരസ്പരം പ്രാർത്ഥിക്കുകയും ചെയ്യുന്നത് ഇവർ തങ്ങളുടെ നിത്യ കർമ്മമാക്കുന്നു. അത്തരക്കാരായ നല്ലവർ ജമാഅത്തിലുണ്ട്. ജമാഅത്തിൽ ഉണ്ടാകേണ്ടതുമാണ്. പക്ഷേ, ഇതിന് എതിരിൽ നില്ക്കുന്ന ചിലരുമുണ്ട്. ഒരു സത്യവിശ്വാസി തന്റെ മറ്റൊരുസഹോദരനുവേണ്ടി നമസ്ക്കാരത്തിൽ പ്രാർത്ഥിക്കുകയും തന്നോട് ആരെങ്കിലും കഠിനമായി പെരുമാറിയാൽ അവന് പൊറുത്തുകൊടുക്കുകയും ചെയ്തിട്ട് അവനെ വെറുക്കുന്നതെങ്ങനെ? ഇതുരണ്ടും ഒരുമിച്ച് ഒരിടത്ത് ചേരുകയില്ല. പരസ്പരം ഇകഴ്ത്തികാണുകയും എന്നിട്ട് തങ്ങൾക്ക് ബഹുമാനമുണ്ടെന്ന് പറയുകയും ചെയ്യുക എന്നത് ശരിയാകുന്നതെങ്ങനെ?

ഇതുമായി ബന്ധപ്പെട്ട ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ദിനങ്ങളിൽ അത് എന്റെ മുന്നിൽ വന്നുകൊണ്ടിരിക്കുന്നു. മുമ്പേയും അത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പക്ഷേ, ഇപ്പോൾ പറയേണ്ട അവസരം ലഭിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ഇപ്പോൾ പറയുന്നത്. ഇവിടെ അമേരിക്കയിൽ മൂന്ന് തരത്തിലുള്ള അഹ്മദികളുണ്ട്. ഒന്ന് പാക്കിസ്ഥാനികളോ ഇന്ത്യക്കാരോ ആയിട്ടുള്ള അഹ്മദികൾ. ഇവരിൽ പുതിയതും പഴയതുമായ അഹ്മദികളുണ്ട്. രണ്ട്, തദ്ദേശിയരായ അമേരിക്കക്കാരും ആഫ്രിക്കക്കാരുമായിട്ടുള്ള അഹ്മദികൾ. ഇവരുടെ അംഗസംഖ്യ ദൈവാനുഗ്രഹത്താൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിനോടൊപ്പം ഇക്കൂട്ടർ ആത്മാർത്ഥതയിലും കൂറുപുലർത്തുന്നതിലും അഭിവൃദ്ധിപ്പെട്ടുവരുന്നു. ഇവരിൽ പലരും ജമാഅത്ത് വ്യവസ്ഥിതിയുടെ കാര്യക്ഷമമായ ഭാഗമാണ്. വിവിധ സ്ഥാനങ്ങളിൽ ഇവർ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. മൂന്ന്, വെള്ളക്കാരായ അമേരിക്കൻ അഹ്മദികളാണ്. അവരുടെ സംഖ്യ കുറവാണെങ്കിലും അവരും നന്മയിൽ വളരെ പരിശ്രമിക്കുന്നവരിൽ പെട്ടവരാണ്. ഞാൻ പറയാൻ ആഗ്രഹിക്കുന്നത് നമ്മുടെ പാക്കിസ്ഥാനി സ്വഭാവക്കാരായ അഹ്മദികളിലും ആഫ്രിക്കൻ അമേരിക്കൻ അഹ്മദികളിലും ഒരു ഏകതാഭാവം പ്രകടമാകണമെന്നാണ്. അത് എല്ലാ തലങ്ങളിലും എനിക്ക് കാണാൻ കഴിയുന്നില്ല. ഇരു ഭാഗത്ത് നിന്നും എനിക്ക് ചില പരാതികൾ കിട്ടികൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഞാൻ വായിച്ച ഉദ്ധരണിയിൽ ചിന്തിക്കുകയാണെങ്കിൽ ആ മഹാത്മാവിന്റെ ജമാത്തിൽ ചേർന്നുകൊണ്ട് പാക്കിസ്ഥാനി അഹ്മദികളും തദ്ദേശിയരായ അഹ്മദികളും തമ്മിൽ എന്തെങ്കിലും വ്യത്യാസം കല്പിക്കുന്നത് ഒരു തരത്തിലും ഭൂഷണമല്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ ചേർന്നുകൊണ്ട്, ആ മഹാത്മാവ് സ്വീകരിച്ച ആ വിനീതമായ വഴികൾ സ്വീകരിക്കേണ്ടതായി വരും. അല്ലാഹു അനുമോദിച്ചുകൊണ്ട് ആ മഹാത്മാവിനോട് ഇൽഹാമിലൂടെ പറഞ്ഞതാണിത്: ***തേരി ആജിസാന രാഹേ ഉസേ പസന്ദ് ആയി***. പാക്കിസ്ഥാനി അഹ്മദികൾ മുമ്പേയുള്ളവരാണ്. അതുകൊണ്ട് പുതിയതായി വരുന്നവരെ, അവർ ഏത് ജനതയിൽ പെട്ടവരായാലും തങ്ങളുടെ ഉള്ളിൽ ആവാഹിച്ചെടുക്കേണ്ടത് അവരുടെ കടമയാണ്. അവരെ കർമ്മ നിരതരായ ഭാഗമാക്കി തീർക്കേണ്ടതാണ്. സാഹോദര്യബന്ധം ഊട്ടി ഉറപ്പിക്കേണ്ടതാണ്. സാഹോദര്യബന്ധത്തിൽ ഒരാൾ മറ്റൊരാൾക്ക് മാതൃകയായിത്തീരുക എന്നാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത്. സാഹോദര്യത്തിന്റെ ഏറ്റവും ഉത്കൃഷ്ടമായ മാതൃക നമ്മുടെ മുമ്പിലുള്ളതെന്താണ്? മദീനയിലുള്ള അൻസ്വാറുകളുടെയും മക്കയിൽ നിന്ന്

ഹിജ്റത്ത് ചെയ്തുവന്ന മുഹാജിരീംകളുടെയും മാതൃകയാണത്. അത് എത്രമാത്രം ഉന്നതമായ മാതൃകയാണെന്നുവെച്ചാൽ, അല്ലാഹുവും അതിനെ സ്തുതിച്ചുപറഞ്ഞു. മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ സ്വന്തം ബുദ്ധിമുട്ടുകളായി മനസ്സിലാക്കുക മാത്രമല്ല അവർ ചെയ്തത്. അവർ ഒരാൾ മറ്റൊരാൾക്കുവേണ്ട് എന്ത് ത്യാഗവും ചെയ്യാൻ തയ്യാറായിരുന്നു. അവർ സത്യം സ്വീകരിച്ചപ്പോൾ അവരുടെ ഓരോ കർമ്മത്തിൽ നിന്നും സത്യം വെളിപ്പെടാൻ തുടങ്ങി. അവരുടെ വിനയം, സ്നേഹം, സത്യസന്ധത തുടങ്ങിയവയല്ലാം പിന്നീട് ഒരു ലോകത്തെതന്നെ ആകർഷിക്കും വിധമുള്ള മാതൃകയാണ് കാഴ്ചവെച്ചത്. ലോകത്തെ നിങ്ങളിലേക്ക് ആകർഷിച്ചെടുക്കണമെങ്കിൽ എല്ലാതരം അഹങ്കാരങ്ങളും തന്നെ സ്തുതിയും ദുർഭാവനകളും അകറ്റിക്കൊണ്ട് പരസ്പരമുള്ള വികാരങ്ങളും സ്പർശനങ്ങളും ആവശ്യങ്ങളും ശ്രദ്ധിക്കേണ്ടതായി വരും. ദീനീപരമായ പദ്ധതികളിൽ ചുറുചുറുക്ക് കാണിക്കുക എന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ്? ഏറ്റവും വലിയ പദ്ധതി നമ്മുടെ മുന്നിലുള്ളത് മുഴുലോകത്തേയും നബി (സ) തിരുമേനിയുടെ കൊടിക്കീഴിൽ അണിനിരത്തുക എന്നതാണ്. നമ്മൾ പരസ്പരം ഹൃദയത്തിൽ അകൽച്ച വെച്ചിരിക്കുകയാണെങ്കിൽ തബ്ലീഗ് പ്രവർത്തനം എങ്ങനെ നടത്താനാണ്. നമ്മുടെ പ്രവർത്തനങ്ങളിൽ എങ്ങനെ അനുഗ്രഹമുണ്ടാകാനാണ്? അതിനാൽ ഏഷ്യക്കാരനാണെങ്കിലും ആഫ്രിക്കൻ അമേരിക്കക്കാരനാണെങ്കിലും വെള്ളക്കാരനാണെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ വന്നിട്ട് നമ്മുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റമുണ്ടായിട്ടില്ലെങ്കിൽ അതിനുവേണ്ടി നാം നിരന്തരം ശ്രമിച്ചിട്ടില്ലെങ്കിൽ, നിരന്തരം ശ്രമിക്കുന്നില്ലെങ്കിൽ നമ്മൾ നമ്മുടെ ലക്ഷ്യത്തിൽനിന്ന് അകന്നുപോകുകയാണ് ചെയ്യുന്നത്.

തബ്ലീഗ് വിജയപ്രദമാക്കുന്നതിനുവേണ്ടി നമ്മുടെ സ്വഭാവങ്ങളുടെ നിലവാരവും മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. നമ്മുടെ തെറ്റുധാരണകളേയും അകറ്റേണ്ടതുണ്ട്. അപ്പോഴാണ് നമുക്ക് മഹത്തായ ഒരു സമൂഹം സ്ഥാപിച്ചെടുക്കാൻ കഴിയുന്നത്; അത് തഖ്വയിലൂടെ നടക്കുന്നവരുടെ സമൂഹമായിരിക്കും. കഴിഞ്ഞ ദിവസം ഇവിടെ ഒരു കുടുംബം എന്നെ വന്നുകാണുകയുണ്ടായി. അവരെക്കണ്ടപ്പോൾ അതിരില്ലാത്ത സന്തോഷം തോന്നി. അനിയന്ത്രിതമായി അല്ലാഹുവിന്റെ സ്തുതി മനസ്സിലുണ്ടായി. ആ കുടുംബത്തിൽ ആഫ്രിക്കൻ അമേരിക്കനുമുണ്ടായിരുന്നു. വെള്ളക്കാരനായ അമേരിക്കക്കാരനുമുണ്ടായിരുന്നു. ഒരു പാക്കിസ്ഥാനി മരുമകളുമുണ്ടായിരുന്നു. ഈ കുടുംബമാണ് അഹ്മദിയ്യത്തിന്റെയും ഇസ്ലാമിന്റെയും യഥാർത്ഥ ചിത്രം. നിങ്ങളാണ് യഥാർത്ഥത്തിൽ അഹ്മദിയ്യത്തിന്റെ ചിത്രമെന്ന് ഞാനവരോട് പറഞ്ഞു. കാരണം ഹൃദയങ്ങളെ തമ്മിൽ ബന്ധിപ്പിക്കാനാണ് അഹ്മദിയ്യത്ത് വന്നിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യം അല്ലാഹുവിനെ പരിചയപ്പെടുത്തുകയും മനുഷ്യന് മനുഷ്യനുമായിട്ടുള്ള സ്നേഹബന്ധം സ്ഥാപിക്കുകയും ചെയ്യുക എന്നതാണ്. അതാണ് ഇന്നുമുള്ളത്. ഏതെങ്കിലും അഹ്മദിയുടെ മനസ്സിൽ ഈ വിചാരമില്ലെങ്കിൽ അഹ്മദിയ്യാ ഖിലാഫത്തിനെ നിലനിറുത്തുമെന്നും അതിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ത്യാഗം ചെയ്യുമെന്നുമുള്ള വാദവും നിരർത്ഥകമാണ്. ഈ ജോലി ഇരുഭാഗത്തുമുള്ളവരുടേതാണ്- പാക്കിസ്ഥാനി അഹ്മദികളുടെയും ആഫ്രിക്കൻ അമേരിക്കൻ അഹ്മദികളുടെയും. അവർ ഈ വിടവ് നികത്തുവാൻ തഖ്വയിൽ അധിഷ്ഠിതമായ സമൂഹം കെട്ടിപ്പടുക്കുക. ഹജ്ജത്തുൽവിദായുടെ അവസരത്തിൽ നബി(സ) തിരുമേനി പറഞ്ഞ കാര്യങ്ങൾ നമ്മളിൽ ഓരോരുത്തരും അയവിറക്കിക്കൊണ്ടിരിക്കേണ്ടതാണ്. ആ മഹാത്മാവ് പറഞ്ഞു: “അല്ലയോ ജനങ്ങളേ നിങ്ങളുടെ ദൈവം ഏകനാകുന്നു. നിങ്ങളുടെ പിതാവ് ഏകനാകുന്നു. ഓർമ്മിക്കുക, ഏതെങ്കിലും അറബിക്ക് അനറബിയുടെ മേലോ വെളുത്തവന് കറുത്തവന്റെ മേലോ കറുത്തുവന് വെളുത്തവന്റെ മേലോ ഒരു തരത്തിലും ശ്രേഷ്ഠതയുമില്ല; തഖ്വയുടെ അടിസ്ഥാനത്തിൽ ശ്രേഷ്ഠതയുണ്ട്.” നബി(സ)യുടെ പ്രൗഢഗംഭീരമായ വാക്കുകളാണിത്. ഞാനെന്റെ കടമ നിറവേറ്റിയോ എന്ന് ജനങ്ങളോട് ആ മഹാത്മാവ് ചോദിച്ചു.

അതിനാൽ ആഫ്രിക്കൻ സഹോദരന്മാരും സഹോദരിമാരും എപ്പോഴും ഓർക്കുക, അവരിൽ എന്തെങ്കിലും അതിക്രമം ഉണ്ടായിട്ടുണ്ടെന്ന് അവർ മനസ്സിലാക്കുന്നുവെങ്കിൽ അപ്പോഴും തങ്ങൾ ഏതെങ്കിലും രീതിയിൽ താണവരാണെന്ന് മനസ്സിലാക്കരുത്. ഖിലാഫത്തുമായിട്ട് അവർക്ക് ബന്ധമുണ്ടെങ്കിൽ, ഹദ്റത്ത് മസീഹ് മൗഊദുമായിട്ട് അവർക്ക് ബന്ധമുണ്ടെങ്കിൽ, നബി(സ) തിരുമേനിയുമായിട്ട് അവർക്ക് ബന്ധമുണ്ടെങ്കിൽ, അല്ലാഹുവുമായിട്ട് അവർക്ക് ബന്ധമുണ്ടെങ്കിൽ, അവരുടെ ഹൃദയങ്ങളിൽ തഖ്വയുണ്ടെങ്കിൽ ലോകത്തെ ഒരു ശക്തിക്കും അവരെ തരംതാണവരായി സ്ഥാപിക്കാൻ സാധിക്കുകയില്ല. അല്ലാഹുവും അവന്റെ റസൂലും ഏതൊരു സ്ഥാനമാണോ അവർക്ക് നല്കിയിട്ടുള്ളത് ലോകത്തെ ഒരു ശക്തിക്കും ആ സ്ഥാനം അവരിൽനിന്ന് തട്ടിപ്പറിച്ചെടുക്കാൻ സാധിക്കില്ല. പക്ഷേ, ഈ സ്ഥാനം കരസ്ഥമാക്കുന്നതിന്നായിട്ടുള്ള നിബന്ധന തഖ്വയിൽ അഭിവൃദ്ധിപ്പെടുക എന്നതാണ്. അതിനാൽ നിങ്ങൾ ഭക്തിയിൽ അഭിവൃദ്ധിപ്പെടുക. തബ്ലീഗ് രംഗത്ത് മുന്നോട്ടു കുതിക്കുക. നിങ്ങളുടെ ന്യൂനപക്ഷാവസ്ഥ ഭൂരിപക്ഷമാക്കി മാറ്റുക. പിന്നീട് ദൈവഭക്തിയിൽ നിലനിന്നുകൊണ്ട് പാക്കിസ്ഥാനികളെ ഭക്തിയുടെയും ശ്രേഷ്ഠമായ സ്വഭാവങ്ങളുടെയും മാതൃക സ്ഥാപിച്ചു കാണിക്കുക. പരാതികൾകൊണ്ട് പ്രശ്നം പരിഹരിക്കപ്പെടുകയില്ലെന്ന് ഓർത്തുകൊള്ളുക. പരസ്പരം കൂടി

യിരുന്ന് പ്രശ്നം പരിഹരിക്കേണ്ടതാണ്. ഭാരവാഹിക ളോടും ഞാൻ പറയുകയാണ്, നിങ്ങൾ ഈ അനുഗ്ര ഹത്തെ ആദരിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് സേവകനാവുകയാണെങ്കിൽ സേവ്യൻ എന്ന് പറയപ്പെടുമെന്നാണ്. വിശാലമായ വീക്ഷണവും സഹി ഷ്ണുതയും നിങ്ങളിലുണ്ടാക്കുക. ഏതെങ്കിലും ജനത യിൽപ്പെട്ട അഹ്മദി നിങ്ങളുടെ അടുക്കൽ വന്നാൽ അയാൾ പറയുന്നത് സശ്രദ്ധം കേൾക്കുക. അയാളെ സാന്ത്വനപ്പെടുത്തുക. ജോലിത്തിരക്ക് കാരണം പെട്ടെന്ന് സമയം കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ മറ്റേ തെങ്കിലും സമയം കൊടുക്കുക. ഒരിക്കലും അവർക്ക് സമയം കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ അത്തരം ഭാര വാഹി അവരോട് ഖേദം പ്രകടിപ്പിക്കുക. ഒരുപാട് ജോലിയും തിരക്കുമുണ്ടായിട്ടും ഞാൻ സമയം കണ്ടെത്തി വ്യക്തിപരമായ നിലയിൽ ഇത്തരം കേസു കൾ കേൾക്കാറുണ്ട്. അതു പരിഹരിക്കാൻ ശ്രമിക്കാ റുണ്ട്; എങ്ങനെയെങ്കിലും ഇവരുടെ ഇടയിൽ സ്നേഹവും സന്തോഷവും ഉണ്ടാകട്ടെ എന്നു കരുതി യാണ് ഇങ്ങനെ ചെയ്യുന്നത്. അങ്ങനെ മനോഹരമായ സമൂഹം ഉണ്ടാക്കിത്തീർക്കുക എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യം പൂർത്തിയാക്കുന്ന തിനുവേണ്ടിയാണിത്. പക്ഷേ, ഭാരവാഹികൾ കേൾക്കാൻ താല്പര്യമുള്ളവരാണെങ്കിൽ ഞാൻ വിചാ രിക്കുന്നത് ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കാൻ കഴി യുമെന്നാണ്.

മറ്റൊരു പ്രധാന കാര്യംകൂടി പറയുകയാണ്. അതി വിടെ അമേരിക്കൻ അഹ്മദി സമൂഹത്തിൽ ആശങ്കാജ നകമായ രീതിയിൽ വളർന്നുകൊണ്ടിരിക്കുന്നു. ഇതും ഉണ്ടാകുന്നത് ദൈവഭക്തിയുടെ കുറവ് കൊണ്ടാണ്. വിവാഹം നടന്നതിനുശേഷം ബന്ധം വിച്ഛേദിക്കുക എന്നതാണത്.ചിലപ്പോൾ യുവാവ് യുവതിയെ വഞ്ചി ക്കുന്നു. ചിലപ്പോൾ യുവതി യുവാവിനെ വഞ്ചിക്കുന്നു. ചിലപ്പോൾ കുടുംബാഗംങ്ങൾ പരസ്പരം ഒരു കൂട്ടർ മറ്റൊരു കൂട്ടരുടെമേൽ അതിക്രമം കാണിക്കുന്നു. അതിക്രമം കാണിക്കുന്നവരിൽ പൊതുവെ യുവാക്ക ളാണധികവും. അവർ ഈ തരംതാണ പണിയിൽ അക പ്പെടുന്നു. വിവാഹം നടന്നതിനുശേഷമാണ് ഇഷ്ടത്തി ന്റെയും അനിഷ്ടത്തിന്റെയും പ്രശ്നം തലപൊക്കുന്ന ത്. ഇഷ്ടം നോക്കണമായിരുന്നെങ്കിൽ വിവാഹത്തിനു മുമ്പേ നോക്കാമായിരുന്നു. വിവാഹം നടന്നുകഴിഞ്ഞാൽ മാന്യമായ രീതി എന്നു പറയുന്നത്, പിന്നീട് അത് മുന്നോട്ടു കൊണ്ടുപോകുക എന്നതാണ്. പ്രത്യേകിച്ച്, പെൺകുട്ടികളുടെ ജീവിതം നശിപ്പിക്കപ്പെടുമ്പോൾ കൂടു തൽ ബുദ്ധിമുട്ടുണ്ടാകുന്നു; വീട്ടുകാർക്കും, ജമാഅ ത്തിനും, എനിക്കും. നമ്മുടെ യുവാക്കളും യുവതികളും തമ്മിലുള്ള ഇഷ്ടത്തിന്റെ നിലവാരം ദീനിന്റെ അടിസ്ഥാ നത്തിലായിരിക്കേണ്ടതാണ്. കുഫു നോക്കേണ്ട എന്നു ഞാൻ പറയുന്നില്ല. ഇതും അത്യാവശ്യമാണ്. എന്നാൽ, കുഫു നോക്കുമ്പോഴും ദീനീപരമായ കാര്യത്തിന് വ്യക്തമായ പരിഗണന നല്കേണ്ടതാണ്.

നബി(സ) തിരുമേനി നമ്മോട് പറഞ്ഞതും, ഏറ്റവും നല്ല ബന്ധമുണ്ടാകണമെങ്കിൽ ദീനീപരമായ വശം നോക്കുക എന്നാണ്. അതുകൊണ്ട് പ്രധാനമായും ഇക്കാര്യം ശ്രദ്ധിക്കുക. ഇത് ശ്രമിച്ചാൽ അത് നിലനി ല്ക്കുന്ന ബന്ധമായിരിക്കും. പെൺകുട്ടികളോടും ഞാൻ പറയുകയാണ്, അവർ ദീനിൽ മുന്നേറാൻ ശ്രമിക്കുക. നിങ്ങളുടെ റൂഹാനിയ്യത്ത് വർദ്ധിപ്പിക്കുക; ദീനി ല്ലാത്തവളാണെന്നും  അതുകൊണ്ട് അവളോടൊന്നിച്ച് ജീവിക്കാൻ സാധ്യമല്ലെന്നുമുള്ള ആക്ഷേപം അവരു ടെമേലും ഉണ്ടാകാതിരിക്കാനാണിത്. ദീനിൽ അഭിവൃദ്ധി പെടുമ്പോൾ പെൺകുട്ടിയിൽ നല്ല നല്ല കഴിവുകളും ഉണ്ടാകുന്നു. അങ്ങനെ അല്ലാഹുവുമായിട്ടുള്ള ബന്ധവും ഉണ്ടാകും. ആ ബന്ധം മുഖേന അല്ലാഹു അനുഗ്രഹം ചെയ്യുന്നതാണ്. പ്രയാസകരമായ അവസ്ഥ യിൽനിന്ന് മോചനം നല്കുന്നു. ഞാൻ പറഞ്ഞതുപോ ലെ, ഇന്ന് ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. അമേരി ക്കയിൽ പ്രത്യേകിച്ച് ഇതുണ്ടായിക്കൊണ്ടിരിക്കുന്നു. തുടക്കത്തിൽ കുറ്റം യുവതികളുടേതാണോ യുവാക്ക ളുടേതാണോ എന്നെനിക്കറിയില്ല. എന്തെങ്കിലുമൊക്കെ രണ്ടുപേരിലുമുണ്ടാകും. പക്ഷേ, കാര്യങ്ങൾ മുന്നിൽ വരുമ്പോൾ അവസാനം യുവാവും അവന്റെ വീട്ടു കാരും പൊതുവെ കുറ്റവാളികളായിരിക്കും. ചിലപ്പോൾ കുട്ടികൾ ഉണ്ടായതിനുശേഷമായിരിക്കും ഭാര്യയും ഭർത്താവും വേർപെടുന്നത്. അപ്പോൾ കുട്ടികൾ മുഖേന പരസ്പരം ബുദ്ധിമുട്ടിക്കാൻ തുടങ്ങുന്നു. വാസ്തവ ത്തിൽ കുട്ടികൾ കാരണമായി മാതാവിനേയോ പിതാ വിനേയോ ബുദ്ധിമുട്ടിപ്പിക്കരുതെന്ന് അല്ലാഹുവിന്റെ വ്യക്തമായ കല്പനയുള്ളതാണ്. ഇതു മാത്രമല്ല ചിലർ ഉമ്മയിൽനിന്ന് കുട്ടിയെ തട്ടിപ്പറിച്ചെടുക്കുന്നു. ഞാൻ ഇതിനെക്കുറിച്ച് പല കേസുകളുമായി ബന്ധപ്പെട്ടന്വേ ഷിക്കുമ്പോൾ കളവാണ് എന്നെ എഴുതി അറിയിക്കു ന്നത്. കളവ് എഴുതി എന്നെ വഞ്ചിക്കുന്നെങ്കിൽത്ത ന്നെയും അല്ലാഹുവിനെ വഞ്ചിക്കാൻ കഴിയുകയില്ല. അവൻ അദൃശ്യങ്ങൾ അറിയുന്നവനാണ്. ഇതെല്ലാം ഉണ്ടാകുന്നത് തഖ്‌വയുടെ അഭാവമാണ്. ഇതിൽ മിക്ക സ്ഥലങ്ങളിലും ചില മാതാപിതാക്കളും കുറ്റക്കാരാണ്. ഞാൻ പറഞ്ഞതുപോലെ ഈ സംഖ്യ വർദ്ധിക്കുകയാ ണ്. അത് എന്നെ ചിന്താകുലനാക്കുന്നു. "ജമാഅത്തിലെ ആൺകുട്ടികൾ ഇങ്ങനെയുള്ളവരാണ്. അതുകൊണ്ട് എങ്ങനെയെങ്കിലും കഴിഞ്ഞുകൂടാൻ" പെൺകുട്ടിക ളോട് പറയാൻ ഒരു ഭാരവാഹി എന്നോട് പറഞ്ഞു. അത്തരം സ്ഥാനത്തിരിക്കുന്നവരോട് ഞാൻ പറയട്ടെ, ഏതെങ്കിലും കാര്യത്തിൽ വിധി തേടി നിങ്ങളുടെ അടു ക്കൽ ആരെങ്കിലും വന്നാൽ നിഷ്കളങ്കമായി വിധി പറ യേണ്ടതാണ്. പെൺകുട്ടിയേയും ആൺകുട്ടിയേയും നിർബന്ധിക്കരുത്. ഒരുതരത്തിലുള്ള അതിക്രമവും

ഉണ്ടാകരുത്. രണ്ടാമത്തേത് ഇപ്പറഞ്ഞ കാര്യം നമ്മുടെ അഹ്മദീ യുവാക്കളുടെ മേലുള്ള ദുർഭാവനയാകുന്നു എന്നതാണ്. അതായത് അവർ നന്നാകില്ല, നന്നാകാൻ ഇടയുമില്ലെന്ന ധാരണ. ഇതുമാത്രമല്ല മറിച്ച്, അല്ലാഹുവിന്റെ മേലുള്ള ദുർഭാവനയുമാണിത്. അവരെ നന്നാക്കാൻ അവനിൽ ശക്തിയില്ലത്രെ! ഞാൻ ഉപദേശത്തിലൂടെയും പ്രാർത്ഥനയിലൂടെയും വിവിധ പ്രകൃതിക്കാരായ ആളുകളിൽ വലിയ മാറ്റമുണ്ടായതായി കണ്ടിട്ടുണ്ട്. എനിക്കെങ്ങനെയാണ് 'നിങ്ങളുടെ കാര്യത്തിന് പരിഹാരമില്ലെന്നും അതുകൊണ്ട് അതിക്രമം ക്ഷമിച്ചു കൊണ്ടേപോകുക' എന്നും അവരോട് പറയാൻ കഴിയുക. അല്ലെങ്കിൽ യുവാക്കൾ നന്നാകാൻ യോഗ്യരല്ലെന്ന് ഞാനെങ്ങനെ പറയാനാണ്? ഞാൻ ഇവിടെ വന്നിട്ട് യുവാക്കളിൽ കാണുന്ന ആത്മാർത്ഥത ആ സാഹിബിന്റെ വാക്കുകളെ വിശ്വസിക്കാൻ എന്നെ സമ്മതിക്കുന്നില്ല. ആത്മാർത്ഥത കൊണ്ട് നിറഞ്ഞ ചെറുപ്പക്കാരെ എനിക്കിവിടെ കാണാൻ കഴിയുന്നു. അതിക്രമം കാണിക്കുന്ന ചില യുവാക്കൾ ജമാഅത്തിലുണ്ടെന്ന് വെച്ച് ഞാനിപ്പറഞ്ഞതുപോലെ വിളംബരം ചെയ്യുകയാണെങ്കിൽ യുവാക്കൾക്ക് പൂർണ്ണമായും എന്തിനും സ്വാതന്ത്ര്യം നല്കുകയായിരിക്കും ചെയ്യുക. ഭാരവാഹികളും കൈയൊഴിയുന്ന രീതിയിൽ പ്രവർത്തിക്കാതിരിക്കുക. അല്ലാഹു അവരെ ഏല്പിച്ചിട്ടുള്ള തർബിയ്യത്തിന്റെ ജോലി നല്ല രീതിയിൽ നിറവേറ്റുക.

യുവതികളോടും യുവാക്കളോടും ഞാൻ പറയുകയാണ് നിങ്ങൾ ആത്മപരിശോധന നടത്തുക. ആരിൽ എന്ത് അതിക്രമമുണ്ടായാലും അവർ അത് ഉപേക്ഷിക്കാൻ ശ്രമിച്ചുകൊണ്ട് ഈ ലോകവും അവർക്ക് സ്വർഗ്ഗമായി അനുഭവപ്പെടുന്നതാക്കിത്തീർക്കാൻ പരിശ്രമിക്കുക. മൃദുവായ പെരുമാറ്റത്തിലേക്കും സൽകർമ്മങ്ങളിലേക്കും ആരാധനാകർമ്മങ്ങളിലേക്കും ശ്രദ്ധിക്കുക. ഇതാണ് ദൈവഭക്തിയുടെ അടിത്തറ. എല്ലാ അഹ്മദികളും ഇതിന്റെ പ്രാധാന്യം മനസ്സിലാക്കുകയാണെങ്കിൽ യഥാർത്ഥ നിലയിൽ ഒരു പരിവർത്തനം ഉണ്ടാകുന്നതാണ്. അത് നമ്മുടെ ജീവിതത്തിൽ ഉണ്ടാക്കുന്നവരായിരിക്കും നാം. എന്നാൽ, ഇതിനുവേണ്ടി പരിശ്രമിക്കേണ്ടത് നിർബന്ധമാണെന്ന കാര്യവും ഓർമ്മിക്കുക. സൽകർമ്മങ്ങളുടെ ദീർഘമായൊരു പട്ടികതന്നെ അല്ലാഹു നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. വരുന്ന രണ്ടു ദിവസത്തിലും തർബിയ്യത്തുപരമായ കാര്യങ്ങളാണ് ഞാൻ നിങ്ങളോട് സംസാരിക്കാൻ ഉദ്ദേശിക്കുന്നത്. ജൽസയിൽ പങ്കെടുത്തിട്ടുള്ള എല്ലാവർക്കും തങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കാനും അതിനു വേണ്ടി പരിശ്രമിക്കുന്നവരായിത്തീരാനും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ബയ്അത്ത് ചെയ്തതിനുശേഷം എന്തൊന്നാണോ നാം ചെയ്യേണ്ടത് അത് നാം യഥാർത്ഥത്തിൽ ചെയ്യുന്നവരായിത്തീരട്ടെ. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 20.6.2008 at Pennsylvania, America

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala